"ഭരണഭാഷ-മാതൃഭാഷ"


നരേന്ദ്ര ബാബു.എസ്.ഐ.എഫ്.എസ്
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ &
വൈൽഡ്ലൈഫ് വാർഡൻ

*വയനാട് വന്യജീവി സംരക്ഷക കാര്യാലയം*
*വയനാട് വന്യജീവി സങ്കേതം*
*സുൽത്താൻബത്തേരി- 673592*
*ഫോൺ : 04936-220454*
*ഫാക്സ്: 04936-220455*
E-mail { wayanadwarden@gmail.com / ww-wynd.for@kerala.gov.in


**നം:W6-5068/21** **തിയ്യതി: 13.04.2022**

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
കോഴിക്കോട്.

സർ,

വിഷയം: വയനാട് റോപ്പ് പേ പദ്ധതി വന ഭൂമി തരം മാറ്റുന്നതിന് പകരം ഭൂമി അനുവദിക്കുന്നത്- സംബന്ധിച്ച്

സൂചന: താങ്കളുടെ 23.07.21 ലെ എ1-5941/18 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അടിവാരം മുതൽ ലക്കിടി വരെയുള്ള നിർദ്ദിഷ്ട വയനാട് റോപ്പ് വേ പദ്ധതിക്കായി ഫോറസ്റ്റ് ക്ലിയറൻസിനുള്ള പരിഹാര്യ ഭൂമി നിരാക്ഷേപ സാക്ഷ്യപത്രത്തിനായി സമർപ്പിച്ച അപേക്ഷയിൽ പരിശോധന നടത്തിയതിൽ വയനാട് വന്യജീവി സങ്കേതത്തിലെ മുത്തങ്ങ റെയ്ഞ്ചിലെ തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ നൂൽപ്പുഴ വില്ലേജിലെ ബ്ലോക്ക് നമ്പർ 32-ൽ റി.സ.45/1 കെ.ലീല, W/o.പ്രഭാകരൻ (Late) പൊന്നകത്ത് വീട്, ചീരാൽ എന്നവരുടെ പട്ടയ ഭൂമി 2.74 ഹെക്ടറും, നൂൽപ്പുഴ വില്ലേജിലെ റിസർവ്വേ 45/21 ൽ എ.ആർ.തങ്കമണി W/o ബാലകൃഷ്ണൻ, പൊന്നകത്ത് ഹൗസ്, നമ്പ്യാർകുന്ന് എന്നവരുടെ 2.55 ഹെക്ടർ പട്ടയ ഭൂമിയും കുണ്ടൂർ എന്ന സ്ഥലത്താണ്. ടി സ്ഥലത്തിന്റെ മൂന്ന് ഭാഗവും വയനാട് വന്യജീവി സങ്കേതത്തിൽ മുത്തങ്ങ റെയ്ഞ്ചിൽ ഉൾപ്പെട്ടതും കിഴക്ക് ഭാഗം ശ്രീ.ശ്രീധരൻ മുതൽ പേർ, സജിനി, നെല്ലിപ്പുര എന്നിവരുടെ സ്വകാര്യ കൈവശം സ്ഥലവുമാണ്.

വന്യജീവി സങ്കേതത്തോട് ചേർന്നു കിടക്കുന്ന മേൽ സ്ഥലങ്ങൾ ഏറ്റെടുത്ത് വനത്തോട് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്തുകൊള്ളുന്നു. മേൽ സ്ഥലത്തിന്റെ നൂൽപ്പുഴ വില്ലേജ് ഒഫീസിലെ സർവ്വേ സ്കെച്ചിന്റെ പകർപ്പും, എ & ബി രജിസ്റ്റർ പകർപ്പും തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ &
വൈൽഡ്ലൈഫ് വാർഡൻ

ആർ.എസ്.16/4